**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 961** **30-06-2022 - ൽ മറുപടിയ്ക്ക്**

**ജനവാസ പ്രദേശത്തെ കൃഷി നശിപ്പിക്കുന്ന കാട്ടു പന്നികളെ വെടി വെക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനമേഖലയിൽ നിന്നും ജനവാസ പ്രദേശത്ത് എത്തി കൃഷിയും മറ്റും നശിപ്പിക്കുന്ന കാട്ടു പന്നികളെ വെടിവെക്കുന്നതിന് വനം-വന്യജീവി വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | അനുമതി നൽകിയിട്ടുണ്ട്.<br><br>**ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് സ.ഉ.(കൈ)നം 29/2022/വനം തീയതി 28.05.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ മുനിസിപ്പൽ ചെയർപേഴ്സൺമാർ കോർപ്പറേഷൻ മേയർ എന്നിവരെ ഓണററി വൈൽഡ് ലൈഫ് വാർഡൻമാരായും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവരെ അധികാരപ്പെട്ട ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 239/2022/വനം തീയതി 31.05.2022 പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമിതരായ ഓണററി വൈൽഡ് ലൈഫ് വാർഡന്മാർ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ 1972-ല വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 11 (1) (ബി) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 5 (2) പ്രകാരം ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31.05.2022-ലെ കെ.എഫ്.ഡി.എച്ച്.ക്യൂ/3331/21-** |

| | | | |
|---|---|---|---|
| | | | **സി.ഡബ്ലിയു.ഡബ്ലിയു/ഡബ്ലിയു.എൽ.11 നമ്പർ നടപടി ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.** |
| (ബി) | അനുമതിയ്ക്കുള്ള മാനദണ്ഡം എന്താണെന്നും ആർക്കെല്ലാമാണ് അനുമതി നല്കിയിട്ടുള്ളത് എന്നും അറിയിക്കുമോ? | (ബി) | സ.ഉ.(കൈ)നം 29/2022/വനം തീയതി 28.05.2022 സർക്കാർ ഉത്തരവ് പ്രകാരം ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓണററി വൈൽഡ് ലൈഫ് വാർഡൻമാരായി നിയോഗിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ മുനിസിപ്പൽ ചെയർപേഴ്സൺമാർ കോർപ്പറേഷൻ മേയർ എന്നിവർക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥരായിട്ടുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവർക്കും അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്.<br><br>മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br><br>1. ഇപ്രകാരം കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യ ജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.<br><br>2. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.<br><br>3. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.<br><br>4. ജന ജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും, ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാര സ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.<br><br>5. 05.05.2022-ലെ സ.ഉ.(കൈ) നം. 23/2022/വനം സർക്കാർ ഉത്തരവിലേതിന് പകരമായി മേൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന് 27.05.2023 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.<br><br>**6. ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യജീവനും മറ്റ് വന്യജീവികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി മേൽ പ്രസ്താവിച്ച പ്രകാരം വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ